

ക്രൈസ്റ്റ് കോളജിൽ നടന്ന ബിരുദദാന ചടങ്ങിൽ വിശിഷ്ടാതിഥിയായ ദക്ഷിണാഫ്രിക്കയിലെ സുളുലാൻഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. സോളിസ്വ മോട്സെ പ്രസംഗിക്കുന്നു.

# ക്രൈസ്റ്റ് കോളജിൽ ബിരുദദാന ചടങ്ങ്

**ഇരിങ്ങാലക്കുട:** ക്രൈസ്റ്റ് കോളജിൽ 194 ബിരുദാനന്തരബിരുദ വിദ്യാർഥികളുടെയും 12 ഗവേഷക വിദ്യാർഥികളുടെയും ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ദക്ഷിണാഫ്രിക്കയിലെ സുളുലാൻഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. സോളിസ്വ മോട്സെ വിശിഷ്ടാതിഥി ആയിരുന്നു.

സിഎംഐ സഭയുടെ വികാർ ജനറൽ ഡോ. ജോസി താമരശേരി അനുഗ്രഹപ്രഭാഷണം നടത്തി. പരീക്ഷ കൺട്രോളർ പ്രഫ. സുധീർ സെബാസ്റ്റ്യൻ വിദ്യാർഥികൾക്ക് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. കോളജ് മാനേജർ ഫാ. ജേക്കബ് ഞെരിഞ്ഞാംപള്ളി, പ്രിൻസിപ്പൽ ഡോ. ജോളി ആൻഡ്രൂസ്, വൈസ് പ്രിൻസിപ്പൽ ഫാ. ജോയി പീണിക്കപറമ്പിൽ ഡയറക്ടർ ഫാ. വിൽസൺ തറയിൽ, വിദ്യാർഥി പ്രതിനിധി ഫാത്തിമ സഹല എന്നിവർ പ്രസംഗിച്ചു. വൈസ് പ്രിൻസിപ്പലും പ്രോഗ്രാം കമ്മിറ്റി ചെയർമാനുമായ ഡോ. കെ.വൈ. ഷാജു നന്ദി പറഞ്ഞു.

# മാപ്രാണ[ത്ത് ഫ്രിഡ്ജ്] പൊട്ടിത്തെ[റിച്ചു]

**ഇരിങ്ങാലക്കുട:** മാപ്രാണത്ത് വീട്ടിൽ ഫ്രിഡ്ജ് പൊട്ടിത്തെറിച്ച് അപകടം. നഗരസഭ വാർഡ് 35 ൽ തൈവളപ്പിൽ ക്ഷേത്രത്തിന് അടുത്ത് കുരിയാപ്പിള്ളി വീട്ടിൽ മാഹിന്റെ വീട്ടിൽ വൈകീട്ട് ആറരയോടെയാണ് സംഭവം.

മാഹിന്റെ ഭാര്യയും കുട്ടിയും അമ്മയും സഹോദരി പുത്രനുമാണ് ഈ സമയത്ത് വീട്ടിൽ ഉണ്ടായിരുന്നത്. അടുക്കളയിൽ നിന്ന് ശബ്ദം കേട്ടതിനെ തുടർന്ന് എത്തി നോക്കിയപ്പോൾ തീപ്പിടുത്തം കണ്ട കുടുംബാംഗങ്ങൾ വീട്ടിൽ നിന്ന് ഇറങ്ങി ഓടുകയായിരുന്നു. വിവരമറിച്ചതിനെ തുടർന്ന് എത്തിയ ഫയർഫോഴ്സാണ് തീ അണച്ചത്. ഇതേ സമയം അടുക്കളയിൽ ഗ്യാസ് സ്റ്റൗവും പ്രവർത്തിക്കുന്നുണ്ടായിരുന്നു. അപകടത്തിൽ അടുക്കളയിലെ

# ദ്വിദിന വിദ്യാഭ്യാസ ശില്പശാല സംഘടിപ്പിച്ച് നൈപുണ്യ കോളജ്

**കൊരട്ടി:** ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ക്രിസ്ത്യൻ മാനേജ്മെന്റിന്റെ ആർട്ട്സ് ആന്റ് സയൻസ് കോളജുകളുടെ സംഘടനയും സംയുക്തമായി ചേർന്ന് രണ്ടു ദിവസങ്ങളിലായി വിദ്യാഭ്യാസ ശില്പശാല സംഘടിപ്പിച്ചു. പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ വച്ച് സംഘടിപ്പിച്ച ശില്പശാലയിൽ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു.

നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം കിട്ടേണ്ടതിന്റെ ആവശ്യകത, ഉന്നതവിദ്യാഭ്യാസ രംഗത്ത് ശ്രദ്ധിക്കേണ്ട സാമൂഹിക മൂല്യങ്ങൾ, സ്ഥാപനത്തിലെ വ്യത്യസ്ത പരിപാടികളുടെ ആസൂത്രണം തുടങ്ങി വിവിധ വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു.

കേരള യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് ലീഗൽ സ്റ്റഡീസിലെ ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. ഗ്രബിയേൽ സൈമൺ തട്ടിൽ, രാജഗിരി കോളജ് ഓഫ് സോഷ്യൽ സ്റ്റഡീസിന്റെ പ്രിൻസിപ്പൽ ഡോ. ബിനോയ് ജോസഫ്, ഡാറ്റാ അനലിസ്റ്റ് ജോമോൻ ജോസഫ് എന്നിവരാണ് ക്ലാസുകൾ നയിച്ചത്. വിവിധ കോളജിലെ മേധാവികൾ, പ്രിൻസിപ്പൽമാർ, ഐ.ക്യു.എ.സി. അംഗങ്ങൾ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു. കോളജ് എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. കെ.ജെ. പോളച്ചൻ, നൈപുണ്യ കോളജിലെ ഐക്യുഎസി കോർഡിനേറ്ററും ഡീൻ ഓഫ് സ്റ്റഡീസുമായ ഡോ.ജോയ് പുതുശ്ശേരി, നാക് കോർഡിനേറ്റർ സോണിയ തോമസ് എന്നിവരായിരുന്നു ശില്പശാലയിലെ മുഖ്യ സംഘാടകർ.

# തൃശൂർ ജില്ലാ ചെസ് ഇൻ സ്കൂൾ ടീം ചാമ്പ്യൻഷിപ്പ്

**ഇരിങ്ങാലക്കുട:** തൃശൂർ ജില്ലയിലെ എല്ലാ സ്കൂൾ ടീമുകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള തൃശൂർ ജില്ല ചെസ് ടീം ചാമ്പ്യൻഷിപ്പ് ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. 32 സ്കൂളുകളിൽ നിന്നായി 426 കുട്ടികൾ പങ്കെടുത്തു.

സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായിരുന്നു മത്സരം. ഇരിങ്ങാലക്കുട മുനിസിപ്പൽ വൈസ് ചെയർമാൻ ടി.വി. ചാർലി മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജെയ്സൺ പാറേക്കാടൻ അധ്യക്ഷത വഹിച്ചു.

തൃശൂർ ജില്ലാ അസോസിയേഷൻ സെക്രട്ടറി പീറ്റർ ജോസഫ് സ്വാഗതവും എക്സിക്യൂട്ടീവ് അംഗം കെ.വി. കുമാരൻ നന്ദിയും പറഞ്ഞു.



തിരുമുടിക്കുന്നിൽ നടന്ന സൗജന്യ വൃക്ക[...] ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് [...] ചെയ്യുന്നു.

# തിരുമുടിക്കുന്നിൽ [...] വൃക്കരോഗ നിർണയ[...]

**കൊരട്ടി:** തിരുമുടിക്കുന്ന് കെയർ കൂട്ടാ[...] ലക്കുടി സെന്റ് ജെയിംസ് ആശുപത്രി[...] സൗജന്യ വൃക്കരോഗ നിർണയ ക്യാ[...] ക്കുന്ന് പിഎസ് ഹയർസെക്കൻഡറി [...] ക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് [...] ചെയ്തു.

തിരുമുടിക്കുന്ന് പള്ളി വികാരി ഫ[...] സെന്റ് ജെയിംസ് ആശുപത്രി അസോ[...] വീൻ ഊക്കൻ, വാർഡ് മെമ്പർ ബിജോ[...] ർഡിനേറ്റർ ജോസ് എന്നിവർ പ്രസംഗ[...] എസ്. വോളന്റിയർമാരും ക്യാമ്പിൽ [...]

# ഫുഡ് ഫെസ്റ്റ് നടത്തി

**ചാലക്കുടി:** സേക്രഡ്ഹാർട്ട് കോൺവ[...] ൽ ചെറു ധാന്യങ്ങളുടെ വർഷാചരണ[...] ഡ് ഫുഡ് ഫെസ്റ്റ് നടത്തി.

ഹെഡ് മിസ്ട്രസ് സിസ്റ്റർ ലീൻ റോ[...] ടിഎ പ്രസിഡന്റ് ജെൻസിൻ വർഗീസ്[...] വീനർ ഷീല ടീച്ചർ പ്രസംഗിച്ചു. രുചി [...] നങ്ങൾ വിതരണം ചെയ്തു.



സ്കൂൾ റണ്ണറപ്പിനുള്ള ഡോൺബോസ്കോ ഗോൾഡൻ ജൂബിലി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്ക് അർഹത നേടിയ ഡോൺബോസ്കോ ഹയർ സെക്കൻഡറി സ്കൂൾ ടീം ട്രോഫിയുമായി.

9/12/22 Deepika